**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2314 **09.12.2014**- ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം

**ചോദ്യം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ :**

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന നാളിതുവരെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ എത്ര സീനിയർ അക്കൗണ്ടന്റുമാരെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവുവരുത്തി സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(എ) 13 സീനിയർ അക്കൗണ്ടന്റുമാരെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവു വരുത്തി സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 1 |
| 2. | കൊല്ലം | ഇല്ല |
| 3. | പത്തനംതിട്ട | ഇല്ല |
| 4. | ആലപ്പുഴ | ഇല്ല |
| 5. | കോട്ടയം | 1 |
| 6. | ഇടുക്കി | 2 |
| 7. | എറണാകുളം | 5 |
| 8. | തൃശ്ശൂർ | 1 |
| 9. | പാലക്കാട് | 1 |
| 10. | മലപ്പുറം | 1 |
| 11. | കോഴിക്കോട് | ഇല്ല |
| 12. | വയനാട് | 1 |
| 13. | കണ്ണൂർ | ഇല്ല |
| 14. | കാസർഗോഡ് | ഇല്ല |
| | ആകെ | 13 |

(ബി) സഹകരണ ബാങ്കുകളിൽ സ്ഥാനക്കയറ്റത്തിനായി ഇളവുകൾ ആവശ്യപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ എത്ര അപേക്ഷകൾ സർക്കാരിന്റെ മുന്നിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) 13 ഉദ്യോഗസ്ഥരുടെ 13 അപേക്ഷകൾ.

| | |
|---|---|
| (സി) സഹകരണ ബാങ്കുകളിൽ സ്ഥാനക്കയറ്റത്തിനായി ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരം എന്തെല്ലാം ഇളവുകൾ നൽകുന്നുണ്ടെന്നും ആയതിന്റെ മാനദണ്ഡങ്ങളും വിശദീകരിക്കാമോ? | (സി) സഹകരണ സംഘം/ബാങ്കുകളിൽ സ്ഥാനകയറ്റത്തിനായി നിശ്ചിത യോഗ്യത ഇല്ലാത്ത ഉദ്യോഗസ്ഥർക്ക് വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിലെ അർഹതയും സീനിയോരിറ്റിയും കണക്കിലെടുത്ത് ചട്ടം 185(8) പ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കപ്പെടേണ്ട തസ്തികയിലേയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള ബിരുദ വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവ് നൽകുന്നുണ്ട്. അപ്രകാരം ഇളവു നൽകുന്നതിനായി കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185 (8) (b) പ്രകാരം പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ജെ.ഡി.സി പാസ്സായിരിക്കണം.<br>2) ഫീഡർ കാറ്റഗറിയിൽ 5 വർഷ സേവനം പൂർത്തി ആയിരിക്കണം അല്ലെങ്കിൽ 53 വയസ്സ് പൂർത്തി ആയിരിക്കുകയും ടിയാന്റെ അതേ തസ്തികയിൽ 20 വർഷ സേവനമുള്ള ഡിഗ്രി വിദ്യാഭ്യാസമുള്ള ജീവനക്കാർ ഇല്ലാതിരിക്കണം.<br>3) 45 വയസ്സ് പൂർത്തിയായിരിക്കണം. |

സെക്ഷൻ ഓഫീസർ